**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4077** **28-06-2024 - ൽ മറുപടിയ്ക്ക്**

**കാസർകോട് സർക്കാർ മെഡിക്കൽ കോളേജ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എൻ. എ. നെല്ലിക്കുന്ന്</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കാസർകോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി. വിഭാഗം എത്ര കാലമായി പ്രവർത്തിച്ചുവരുന്നെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കാസർകോട് സർക്കാർ മെഡിക്കൽ കോളേജിൽ 2022 ജനുവരി മുതൽ ഒ.പി.പ്രവർത്തിക്കുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ആശുപത്രിയിൽ ഒ.പി. പ്രവർത്തനം തുടങ്ങിയതു മുതൽ നാളിതു വരെ എത്ര രോഗികൾ പരിശോധനയ്ക്കായി വന്നിട്ടുണ്ടെന്നും ഒ.പി. വിഭാഗത്തിൽ ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>2022 ജനുവരി മുതൽ 2024 മെയ് വരെയുള്ള മൊത്തം ഒ.പി.രോഗികളുടെ എണ്ണം 1,12,439 ആണ്.<br><table><tr><td>1</td><td>2022</td><td>ഒ.പി.രോഗികൾ</td><td>32,574</td></tr><tr><td>2</td><td>2023</td><td>ഒ.പി.രോഗികൾ</td><td>54,083</td></tr><tr><td>3</td><td>2024</td><td>ഒ.പി.രോഗികൾ</td><td>25,782</td></tr><tr><td colspan="3">ആകെ</td><td>1,12,439</td></tr></table><br>ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി നാനൂറ്റി മുപ്പത്തിയൊമ്പത് രോഗികൾ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി ആരംഭിച്ച കാലം മുതൽ പരിശോധനയ്ക്കായി വന്നിട്ടുണ്ട്. നിലവിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഡെർമറ്റോളജി, ഇ.എൻ.റ്റി, റെസ്പിറേറ്ററി മെഡിസിൻ, ഒഫ്ത്താൽമോളജി, ഒ.എം.എഫ്.എസ് എന്നിവയുടെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. എക്സ്-റേ, ലാബ് ടെസ്റ്റ് സൗജന്യ മരുന്നുകൾ (കെ.എം.എസ്.സി.എൽ മെഡിസിൻ)എന്നീ സേവനങ്ങൾ നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>നിലവിൽ ഇവിടെയുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ വിശദാംശം നൽകാമോ; കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>നിലവിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഡെർമറ്റോളജി, ഇ.എൻ.റ്റി, റെസ്പിറേറ്ററി മെഡിസിൻ, ഒഫ്ത്താൽമോളജി, ഒ.എം.എഫ്.എസ് എന്നിവയുടെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. സ.ഉ(എം.എസ്)നം.62/2020/ ആ.കു.വ ഉത്തരവ് പ്രകാരം 91 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. കോളേജ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നത് വരെ 50% തസ്തികകൾ മാത്രം നികത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജ് പൂർണ്ണമായും പ്രവർത്തനമാകുന്ന മുറയ്ക്ക് ബാക്കി ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ പീഡിയാട്രിക്സ്</td></tr>
</table>

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ നിന്നും മൂന്നും, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ജനറൽ മെഡിസിൻ, ഡെർമറ്റോളജി എന്നീ വിഭാഗങ്ങളിൽ ഓരോന്നു വീതം സീനിയർ റെസിഡന്റുമാരുടെ സേവനവും കാസർഗോഡ് മെഡിക്കൽ കോളേജിൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ആശുപത്രിയിൽ ഐ.പി. വിഭാഗം പ്രവർത്തനം തുടങ്ങാൻ ആലോചനയുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്. ഹോസ്പിറ്റലിൽ 95 കോടി രൂപ മുടക്കി പണിയുന്ന ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം നടന്നുവരുന്നു. ആശുപത്രി ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉപകരണങ്ങളും ലഭ്യമാക്കി കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐപി വിഭാഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ